തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം

223 (2778) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഡ്രെയ്നേജ് സംവിധാനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഡ്രെയ്നേജ് സംവിധാനത്തിനായി ഈ പ്രദേശത്ത് റോഡിൽ പൈപ്പ് ലൈൻ എന്നാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വെളിപ്പെടുത്താമോ ; കാലപ്പഴക്കംകൊണ്ട് മുമ്പ് സ്ഥാപിച്ച പൈപ്പ് ലൈൻ ഡ്രെയ്നേജ് സംവിധാനത്തിനുപയോഗിക്കാൻ സാധിക്കുമോ ;

(സി) ഡ്രെയ്നേജ് സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടു റെസിഡന്റ്സ് അസോസിയേഷനുകളും നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) ശുചിത്വകേരളം പദ്ധതിയിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പേട്ട മുന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം നിലവിലില്ല. ഈ ഏരിയയിൽ ഒന്നര കിലോമീറ്ററോളം ദൂരത്തിൽ പൈപ്പ് ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. ജൻറം പദ്ധതിയിൽ ഉൾപ്പെട്ട 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപ്പക നഗർ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു.

(ബി) 1985 കാലഘട്ടത്തിലാണ് പ്രസ്തുത ലൈൻ സ്ഥാപിച്ചിട്ടുള്ളത്. കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രദേശത്തെ നിലവിലുള്ള ഒന്നര കിലോ മീറ്ററോളം ലൈൻ ഉപയോഗയോഗ്യമാണ്.

(സി) സമീപ കാലത്തൊന്നും നിവേദനം ലഭിച്ചിട്ടില്ല.

(ഡി) ശുചിത്വകേരളം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആവശ്യം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly